LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കന്ററി അദ്ധ്യാപകർക്ക് സീനിയർ ഗ്രേഡ്

21(2487) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചു വർഷം സർവ്വീസ് പൂർത്തിയാക്കുന്ന സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് സീനിയർ ഗ്രേഡ് അനുവദിക്കാറുണ്ടോ ;

(ബി) ഈ വിധത്തിൽ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും സീനിയർ ഗ്രേഡ് അനുവദിക്കാറുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) എയ്ഡഡ് മേഖലയിലെ അദ്ധ്യാപർക്കും സർക്കാർ മേഖലയിലെ പോലെ സീനിയർഗ്രേഡ് അനുവദിച്ചു നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) നിലവിൽ എട്ടു വർഷം സേവനം പൂർത്തിയാക്കുന്ന അദ്ധ്യാപകർക്കാണ് ഗ്രേഡ് അനുവദിക്കുന്നത്. എയ്ഡഡ്/സർക്കാർ മേഖലകളിൽ സമാന മാനദണ്ഡ പ്രകാരമാണ് ഗ്രേഡ് അനുവദിക്കുന്നത്.

ഹയർ സെക്കന്ററി പാഠപുസ്തകപരിഷ്കരണം

22 (2488) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പാഠപുസ്തകങ്ങൾ എന്ന് മുതലാണ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 8-10-2013-ന് ചേർന്ന 39-ാമത് സംസ്ഥാന കരിക്കുലം സ്റ്റിയറിംങ്ങ് കമ്മിറ്റിയോഗം ഹയർ സെക്കന്ററി മേഖലയിലെ എല്ലാ വിഷയങ്ങൾക്കും കൃത്യമായ സിലബസ്സും പ്രത്യേക പാഠപുസ്തകങ്ങളും കേരള സ്കൂൾ പാഠ്യപദ്ധതി 2013 പ്രകാരം തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്സ്, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ജ്യോഗ്രഫി എന്നീ വിഷയങ്ങൾക്ക് എൻ.സി.ഇ.ആർ.ടി യുടെ സിലബസ്സും, പാഠപുസ്തകങ്ങളും തുടരാനും ഇത് കൂടാതെ ഹിസ്റ്ററി ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, സോഷ്യോളജി, സൈക്കോളജി എന്നീ വിഷയങ്ങൾക്കുകൂടി എൻ.സി.ഇ.ആർ.ടി. യുടെ സിലബസ്സും പാഠപുസ്തകങ്ങളും നടപ്പിലാക്കാനും അനുമതി നൽകി. 41-ാമത് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പുസ്തകങ്ങൾക്ക് അംഗീകാരം നൽകി. ഇതുപ്രകാരം 2014-15 അദ്ധ്യയന വർഷം പുതുക്കിയ പാഠപുസ്തകങ്ങൾ നടപ്പിലാക്കി. 10-2-2015 -ന് ചേർന്ന സംസ്ഥാന കരിക്കുലം സ്റ്റിയറിങ്ങ് കമ്മിറ്റി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ അംഗീകരിക്കുകയും 2015-16 അദ്ധ്യയന വർഷത്തിൽ ഇത് നടപ്പിലാക്കുകയും ചെയ്തു.

(ബി) യൂണിവേഴ്സിറ്റി തലത്തിലെയും കോളേജ് തലത്തിലെയും അതത് വിഷയങ്ങളിലെ വിദഗ്ധരും ഹയർസെക്കന്ററി മേഖലയിലെ വിദഗ്ധ അദ്ധ്യാപകരും എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങളും ചേർന്നാണ് പ്രസ്തുത പുസ്തകങ്ങൾ തയ്യാറാക്കിയത്.

583/16

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ പാഠപുസ്തകങ്ങൾ 2014-15-ൽ പതിനൊന്നാം ക്ലാസ്സിലും 2015-16-ൽ പന്ത്രണ്ടാം ക്ലാസ്സിലും നടപ്പിലാക്കി.

എയ്ഡഡ് സ്കൂൾ/കോളേജ് നിയമനങ്ങളിലെ സംവരണം

23 (T2491) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിന്റെ മാനദണ്ഡമെന്താണ് ; ഇതിനായി യോഗ്യത പരീക്ഷ നടത്താറുണ്ടോ ; ഇത് ആരാണ് നടത്തുന്നത് ; ഇതിനായി പ്രത്യേക പരീക്ഷാ ബോർഡോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇങ്ങനെയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വിശദമാക്കുമോ ;

(സി) എയ്ഡഡ് സ്കൂൾ/കോളേജ് നിയമനങ്ങളിൽ സംവരണതത്വം പാലിക്കാത്തതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതികളിൽ കേസുകൾ നിലവിലുണ്ടോ ; എങ്കിൽ എവിടെയൊക്കെ ; പ്രസ്തുത കേസുകളിൽ അന്തിമവിധി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) എയ്ഡഡ് സ്കൂൾ-കോളേജുകളിൽ സംവരണതത്വം പാലിക്കണമെന്ന കോടതി വിധി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) കോടതി വിധി നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഈ വിധിക്ക് മുൻകാല പ്രാബല്യമുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly